# AMLPS

# MANNARIL

18328

## ACADAMIC MASTER PLAN

## 2025 – 26

# ചരിത്രം

1927 ബ്രിട്ടീഷ് സ്വേഛാധിപത്യത്തിൻ്റെ നാളു കൾ. ജനങ്ങളിൽ ഭൂരിഭാഗവും പട്ടിണിയിലും നിര ക്ഷരതയിലും കഴിഞ്ഞുകൂടിയ കാലം... നെടിയിരു പ്പ് പ്രദേശത്തെ അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കുവാൻ വേണ്ടി എൻ. മൂസ്സക്കോയ മൊല്ലാക്ക ആരംഭിച്ച സ്ഥാപനം ഒരു പ്രൈമറി വിദ്യാലയമായി അംഗീകരിക്കപ്പെട്ടു. ആദ്യകാലത്ത് വിദ്യാലയം സ്ഥിതിചെയ്തിരുന്നത് ഇപ്പോൾ ഈ വിദ്യാലയം പ്രവർത്തിക്കുന്ന കുന്നത്ത് പറമ്പ് എന്ന സ്ഥലത്തിൻ്റെ വടക്കുപടി ഞാറായി മണ്ണാരിൽ ഭാഗത്തായിരുന്നു. അങ്ങിനെ യാണ് മണ്ണാരിൽ എ.എം.എൽ.പി. സ്കൂൾ എന്ന പേര് വന്നത്. പിന്നീട് വിദ്യാലയം സ്കൂളിലെ തന്നെ അധ്യാപകനായിരുന്ന അന്തരിച്ച ചുണ്ടക്കാടൻ അബ്ദുൽ ഖാദർ മാസ്റ്ററുടെ മാനേജ്മെൻ്റിൻ കീഴി ലായി. സ്കൂളിന്റെ സ്ഥാനം പിൽക്കാലത്ത് പുല്ലി ത്തൊടിക കുഞ്ഞഹമ്മദ് എന്നവരുടെ പറമ്പിലുള്ളഒരു ഓല ഷെഡ്ഡിലേക്ക് മാറ്റി. കേരള വിദ്യാഭ്യാസ നിയമം നിലവിൽ വന്ന സമയത്ത് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തത് മൂലം സ്കൂളിന്റെ അംഗീകാരം തന്നെ നഷ്ടപ്പെടുമെന്ന ഒരു ഘട്ടം വന്നു. സ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരുന്ന തെരുവത്ത് വേലായുധൻ മാസ്റ്റർ സ്കൂളിൻ്റെ മാനേജ്മെന്റ് ഏറ്റെ ടുത്തു. ഇപ്പോൾ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങുകയും പുതിയ കെട്ടിടത്തിന്റെ നിർമ്മാണ -പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തന്റെ വീടും പുരയിടവും ഉൾക്കൊള്ളുന്ന സ്ഥലം സ്കൂളിനായി വിട്ടുകൊടുത്ത അന്തരിച്ച മുണ്ടോടൻ മമ്മദ് എന്നവ രുടെ സന്മനസ്സും ഈ അവസരത്തിൽ പ്രത്യേകം സ്മര ണീയമാണ്. തീരെ ഗതാഗത സൗകര്യമില്ലാതിരുന്ന കുന്നത്ത് പറമ്പ് പ്രദേശത്ത് ഒരു വിദ്യാലയം പണിതു യർത്തുക എന്നത് അക്കാലത്ത് ശ്രമകരമായ ദൗത്യ മായിരുന്നു. ഈ പ്രവർത്തനത്തിൽ നാട്ടുകാരിൽ നിന്നും നിർല്ലോഭമായ സഹകരണം വേലായുധൻമാ സ്റ്റർക്ക് ലഭിച്ചു. അങ്ങിനെ 1969-ൽ വിദ്യാലയം പുതിയ കെട്ടിടത്തിലേക്ക് മാറി.

എൻ. മൂസക്കോയ, സി. കുഞ്ഞാലൻ കുട്ടി, സി. അബ്ദുൽ ഖാദർ, കൊടക്കാടൻ മുഹമ്മദ് മാസ്റ്റർ, സി.സൈനുദ്ദീൻ, ടി. വേലായുധൻ, കെ.വി.കെ ഏറനാ ടൻ, കെ.പി ആലിക്കുട്ടി, പാത്തുമ്മാബി തുടങ്ങിയ വരായിരുന്നു ആദ്യകാലത്തെ പ്രഗത്ഭരായ അധ്യാ പകർ. ഈ വിദ്യാലയത്തിൻ്റെ പുരോഗതിയിൽ അവർ വഹിച്ച പങ്ക് നിസ്സാരമല്ല.

1998-ൽ വേലായുധൻ മാസ്റ്ററുടെ നിര്യാ ണത്തെ തുടർന്ന് അദ്ദേഹത്തിൻ്റെ വിധവയായ കെ. പി. മാളുക്കുട്ടി എന്നവർ സ്കൂളിൻ്റെ

മാനേജരായി. സ്കൂളിന്റെ നിർമ്മാണ ഘട്ടത്തിലുണ്ടായ അവരുടെ നിസ്വാർത്ഥ പ്രവർത്തനങ്ങളും ത്യാഗങ്ങളുമാണ് സ്കൂൾ ഒരു യാഥാർത്ഥ്യമാകുന്നതിൽ നല്ലൊരു പങ്ക് വഹിച്ചത്.

300-ൽ അധികം വിദ്യാർത്ഥികളും പത്തോളം അധ്യാപകരുമായി വിദ്യാലയം പുരോഗതിയിലേക്ക് നീങ്ങുന്ന ഒരു ഘട്ടത്തിലാണ് 1995-ൽ അശനിപാതം പോലെ കോഴിക്കോട് വിമാനത്താവളത്തിൻ്റെ റൺവേ വികസനം നടന്നത്. 150-ഓളം വരുന്ന കുടുംബങ്ങൾ പ്രസ്തുത പ്രദേശത്ത് നിന്നും കൂടി യൊഴിപ്പിക്കപ്പെട്ടു. സ്കൂളിലേക്ക് കുട്ടികൾ എത്തി ക്കൊണ്ടിരുന്ന മുക്കൂട്, കൂട്ടാലുങ്ങൽ എന്നീ പ്രദേ ശങ്ങൾ റൺവേക്ക് മറുവശത്തായി മാറിയത് മൂലം ആ പ്രദേശത്തുള്ള കുട്ടികൾക്ക് സ്കൂളിലേക്ക് എത്തിച്ചേരുക പ്രയാസമായി. അത് മൂലം നൂറില ധികം വിദ്യാർത്ഥികളുടെ കുറവുണ്ടായി. സ്കൂളിലെ പകുതിയോളം അധ്യാപകരുടെ തസ്തിക നഷ്ടപ്പെ ട്ടു. ജോലി സംരക്ഷണമില്ലാത്ത രണ്ട് അധ്യാപ കർക്ക് അന്നത്തെ സർക്കാറിൻ്റെ പ്രത്യേക ഉത്തര വിൻ പ്രകാരവും മറ്റുള്ളവർക്ക് നിലവിലുള്ള നിയമ ങ്ങൾ പ്രകാരവും ജോലി സംരക്ഷണം ലഭിച്ചു. എന്നാൽ പിന്നീട് വന്ന വർഷങ്ങളിൽ സ്കൂളിലേക്ക് വരുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമേണ വർദ്ധന വുണ്ടാവുകയും തസ്തിക നഷ്ടപ്പെട്ടിരുന്ന അധ്യാ പകർക്ക് മാതൃവിദ്യാലയത്തിൽ ജോലി തിരിച്ച് ലഭി ക്കുകയും ചെയ്തിട്ടുണ്ട്. അൺഎയ്ഡഡ് വിദ്യാല യങ്ങളുടെ കുത്തൊഴുക്കിൽപോലും നാട്ടുകാരുടെ വിശ്വാസമാർജ്ജിക്കാൻ സാധിച്ചതും പഠന നില വാരം ഉയർത്താൻ കഴിഞ്ഞതുമാണ് ഇതിന് സഹാ യകമായത്. 2006 ആഗസ്ത് 25ന് സ്കൂൾ മാനേജ രായ കെ.പി. മാളുക്കുട്ടി എന്നവർ അന്തരിച്ചു. അവ രുടെ കാലയളവിൽ ഭൗതിക സാഹചര്യങ്ങളിൽ സ്കൂളിനുണ്ടായ മാറ്റം പ്രത്യേകം എടുത്തുപറയേ ണ്ടതു തന്നെയാണ്. ഈ വിദ്യാലയത്തിന് ആകർക മായ ഒരു കെട്ടിടം ഇന്ന് നിലവിലുണ്ട്. ഭൗതിക സാഹചര്യങ്ങളിൽ ഈ വിദ്യാലയം ഇന്ന് മുൻപന്തി യിൽ തന്നെ നിൽക്കുന്നു.

മാറിയ വിദ്യാഭ്യാസ രീതിയ്ക്ക് അനുയോജ്യമായി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു പോലെ ആശ്രയിക്കാവുന്ന സുസജ്ജമായ ഒരു ലൈബ്രറി സ്കൂളിൽ നിലവിലുണ്ട്. പൂർവ്വ വിദ്യാർത്ഥികളും രക്ഷിതാക്കളും ഇതിന്റെ ഗുണഭോ ക്താക്കളാണ്. ആധുനിക വിദ്യാഭ്യാസത്തിന് അനു യോജ്യമായ കമ്പ്യൂട്ടർ ലാബും, സി.ഡി. ലൈബ്ര റിയും ഈ വർഷം നിലവിൽ വന്നു. പഠന പ്രവർത്ത നങ്ങളുടെ ഭാഗമായി എല്ലാ ക്ലാസ്സുകളിലും ഇവ ഉപ യോഗപ്പെടുത്തുന്നു. നാലാം ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി കമ്പ്യൂട്ടർ പരിശീലനം നൽകിവരുന്നുണ്ട്.

# ഒന്നാം ക്ലാസ്സ്

മലയാളം

ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യമിടുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശിൽപശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട്. അക്കാദമിക നേട്ടങ്ങൾക്കൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്ന ലക്ഷ്യത്തോടെ ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും മുന്നോട്ട് പോകുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഈ അധ്യയന വർഷത്തിൽ, കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികൾ എന്നിവർ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യതയൊരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.

* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുകയും വായിക്കുകയും ചെയ്യുന്നു.

* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായി ലഘുരചന ശില്പശാലകൾ നടത്തുന്നു.

* തീയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ വായനയിലേക്ക് ആകർഷിക്കുന്നു.

* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

* സർഗ്ഗശേഷികൾ കൈവരിക്കുന്നു.

* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

* കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

* സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.

* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ജൂൺ

പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.

* സചിത്ര ഡയറി, സംയുക്ത ഡയറി എന്നീ ആശയങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.

* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.

* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.

* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.

* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.

* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.

* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തുനോക്കാനും അവസരം ഒരുക്കുന്നു.

* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു, വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.

* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.

* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.

* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.

* രചനോത്സവത്തിൽ കുട്ടികൾക്ക് സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

* ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.

* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.

* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

* അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.

* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

* വായനോത്സവം സംഘടിപ്പിക്കുന്നു.

* ആസ്വാദ്യകരമായ വായന നടത്തുന്നു.

* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

നവംബർ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കളാകുന്നു.

* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.

* വായനോത്സവം തുടങ്ങുന്നു.

* രചനോത്സവം തുടങ്ങുന്നു.

* പത്രവായനയ്ക്ക് അവസരം ഒരുക്കൽ.

* താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.

* ചിത്രവായന നടത്തുന്നു.

* ചെറിയ വായന കാർഡുകൾ, ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു.

* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു, ചിത്രം വരയ്ക്കുന്നു.

* ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ട് എഴുതുന്നു.

* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.

* രചനാശേഷി പരിപോഷിപ്പിക്കൽ.

* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.

* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.

* ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.

* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.

* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.

* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

* തീയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

* കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.

* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.

* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

* ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.

* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.

* ആശയപൂർണ്ണതയോടെ തത്സമയ രചനകൾ നടത്തുന്നു.

* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

* സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.

* ആശയപൂർണ്ണതയോടെ തത്സമയ രചനകൾ നടത്തുന്നു.

* കുട്ടികളുടെ മികവുകൾ സമൂഹത്തിനുമുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിലാക്കി പ്രകാശനം ചെയ്യുന്നു.

* വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്തം വായന എന്നിവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.

* കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.

* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.

* കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

* മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.

* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.

* സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.

* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.

* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.

* എല്ലാ കുട്ടികൾക്കും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

* വിലയിരുത്തൽ പ്രവർത്തനങ്ങൾ.

അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക്

**ക്ലാസ് 1**

ലക്ഷ്യങ്ങൾ

1. വായന

* തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ്

* അക്ഷരങ്ങളുടെ ഉച്ചാരണം മനസ്സിലാക്കുന്നു

* അക്ഷരവായന

* ക്ലാസ് വായന

* ചിത്രവായന

* വീട്ടുവായന

2. അറബി അക്ഷരങ്ങളുടെ എഴുത്തിന്റെ പരിപോഷണം

* എഴുത്തിന്റെ രീതി മനസ്സിലാക്കുന്നു

* അക്ഷരക്കാർഡ്

* ഔട്ട് ലൈൻ വരച്ച് നിറം നൽകുന്നു

* പദനിർമ്മാണം

3. അറബിക് ഫെസ്റ്റ്

* അറബിക് ഡേയുമായി ബന്ധപ്പെട്ട് വ്യത്യസ്ത കലാപരിപാടികൾ

4. ആസ്വാദനലോകം

* പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്താനും മറ്റുള്ളവർക്ക് അവസരം സൃഷ്ടിക്കാനും മാസത്തിലൊരിക്കൽ ആസ്വാദനസഭ ചേരുന്നു.

5. അക്ഷര ചാർട്ട്

* വീടുകളിൽ വളരുന്ന അക്ഷര ചാർട്ട്.

**ക്ലാസ് 2**

മലയാളം

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

* കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.

* സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

* മികച്ച വായനാശീലം വളർത്തുക.

* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സിന് അനുയോജ്യമായ തരത്തിലുള്ള ഗണിതം.

* ഗണിതക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുക.

* ഗണിത പ്രശ്നങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തുക.

* ഗണിത ചിന്ത, യുക്തി ചിന്ത എന്നിവ കുട്ടികളിൽ വളർത്തുക.

* ഗണിത കളികൾക്ക് അവസരം സൃഷ്ടിക്കുക.

ഇംഗ്ലീഷ്

* ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുക.

* പഠനപ്രവർത്തനങ്ങൾ രസകരമാക്കാൻ ഇംഗ്ലീഷ് ഗെയിംസ് നടത്തുക.

* ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കുന്നതിനായി റീഡിംഗ് കാർഡുകൾ ഉപയോഗിക്കുക.

* പഠനപ്രവർത്തനങ്ങൾ സ്വായത്തമാക്കുന്നതിനായി വർക്ക്ഷീറ്റുകൾ ഉപയോഗിക്കുക.

അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്

ലക്ഷ്യങ്ങൾ

1. വായന

* തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ്, അക്ഷരങ്ങളുടെ ഉച്ചാരണം.

പ്രവർത്തനങ്ങൾ

* അക്ഷരവായന, അക്ഷരക്കാർഡ്, ക്ലാസ് വായന, വായനാമൂല, ചിത്രവായന, വീട്ടുവായന.

2. അറബി അക്ഷരങ്ങളുടെ എഴുത്തിന്റെ പരിപോഷണം

* പദനിർമ്മാണം.

* ദിനേന അക്ഷരസൗന്ദര്യം വർദ്ധിപ്പിക്കാൻ എഴുത്ത് പരിശീലനം.

4. അറബിക് ഫെസ്റ്റ്

* അറബിക് ഡേയുമായി ബന്ധപ്പെട്ട ഫെസ്റ്റ്.

* വ്യത്യസ്ത കലാപരിപാടികൾ.

5. ആസ്വാദനലോകം

* പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്താനും എല്ലാവർക്കും അവസരം സൃഷ്ടിക്കാനും മാസത്തിലൊരിക്കൽ ആസ്വാദന സഭ ചേരുന്നു.

**ക്ലാസ് 3**

പരിസര പഠനം

* ടാസ്ക് 1: പരിസര സ്നേഹവും സൗഹൃദപരമായ സമീപനവും വളർത്തിയെടുക്കുക.

* (ജൂൺ - ജനുവരി)

* പ്രകൃതിനിരീക്ഷണം.

* പ്രകൃതി, സസ്യങ്ങൾ, ജീവികൾ എന്നിവ നിരീക്ഷിക്കുന്നു.

* സ്കൂൾ പൂന്തോട്ട നവീകരണം, സ്കൂൾ പച്ചക്കറിത്തോട്ടം, വീടിനടുത്തുള്ള പൂന്തോട്ടം.

* ഫീൽഡ് ഗൈഡ്.

ടാസ്ക് 2

* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

* (ജൂൺ - മാർച്ച്)

* ക്ലാസ്റൂം ലാബ് (ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ).

* ലിറ്റിൽ സയൻസ് (ഓരോ കുട്ടിക്കും പരീക്ഷണ കിറ്റ്-കുട്ടികൾ സ്വയം പരീക്ഷണം ചെയ്യുന്നു).

* ശാസ്ത്രോത്സവം (വർഷത്തിലൊരിക്കൽ).

ടാസ്ക് 3

* കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക.

* നല്ല ആരോഗ്യശീലങ്ങളും, ഭക്ഷണശീലങ്ങളും കുട്ടികളിൽ ഉറപ്പിക്കുക.

* (ജൂൺ - മാർച്ച്)

* ഹാൻഡ് വാഷ് ഡേ ആചരണം.

* ശുചിത്വ മാസം (ക്ലാസ്റൂമിൽ).

* പോസ്റ്റർ നിർമ്മാണം, (സ്കൂൾ പരിസരത്ത് പതിപ്പിക്കൽ).

* വേസ്റ്റ്ബിന്നുകൾ സ്ഥാപിക്കുന്നു.

* മാജിക് പ്രദർശനം.

ഇംഗ്ലീഷ്

* To speak, Read, write English without any mistake (തെറ്റുകൂടാതെ ഇംഗ്ലീഷ് സംസാരിക്കാനും വായിക്കാനും എഴുതാനും).

* (ജൂൺ - മാർച്ച്)

* Reading card (writing, Reading).

* Rhyming words.

* Make picture description.

* Self Introduction.

* English Assembly.

* English Fest.

മാത്സ്

* കണക്കിന്റെ കളികൾ.

* ഓറിഗാമി നിർമ്മാണം.

* പസിലുകൾ, പ്രശ്നങ്ങൾ അവലോകനം.

* ഗണിതോത്സവം.

* വിവിധതരം ഗണിത കളികൾ ആസൂത്രണം, നടത്തൽ.

* കുട്ടികളുടെ ഉയരം, തൂക്കം കണ്ടെത്താനായി ഒരു ക്ലാസ്സ് റൂം.

* കണക്കിന്റെ ക്രിയകൾ - പ്രവർത്തനങ്ങൾ.

* സംഖ്യാ സൂര്യം, സംഖ്യാ ചക്രം.

മലയാളം

* ടാസ്ക് 1: നല്ല പാട്ടുകൾ കേട്ടും സ്വയം പാട്ടും പാടിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

* ജൂൺ - മാർച്ച്

* ശേഖരിച്ച വ്യക്തികൾ അടങ്ങിയ നല്ല പാട്ടുകളുടെ പ്രദർശനം.

* നല്ല പാട്ട് ശിൽപശാല.

* പാട്ടുകൾ അവലോകനം.

* പഴഞ്ചൊല്ലുകളുടെ ശേഖരണം.

* കുഞ്ഞുകഥ പ്രദർശനം.

* കുഞ്ഞുകഥ നിർമ്മാണം.

* വ്യത്യസ്ത കഥാരൂപങ്ങളുടെ പ്രദർശനം.

* നാടകകഥകൾ ശേഖരണം.

ടാസ്ക് 2

* മുഴുവൻ കുട്ടികളെയും തെറ്റുകൂടാതെ വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

* ജൂൺ - മാർച്ച്

* കുട്ടിയുടെ ഒരു കഥ പറയൽ.

* അക്ഷരക്കാർഡ് നൽകി വാക്യനിർമ്മാണം.

* ലൈബ്രറി പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക.

* ഓണപ്പാട്ടുകളുടെ പ്രദർശനം.

* ഫീൽഡ് ഗൈഡ് (കൃഷിയിലും).

* കഥാരചന അവലോകനം.

അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്

* ടാസ്ക് 1: വായന.

* ടാസ്ക് 2: തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ്, അക്ഷരങ്ങളുടെ ഉച്ചാരണം മനസ്സിലാക്കുന്നു.

* ലൈബ്രറി വായന, ചിത്രവായന, വീട്ടുവായന.

* വായനാ മാസങ്ങൾ.

* വാക്കുകൾ ഉറപ്പിക്കൽ.

* വ്യാകരണങ്ങൾ.

* അറബി അക്ഷരങ്ങളുടെ എഴുത്തിന്റെ പരിപോഷണം.

* ദിനേന അക്ഷര സൗന്ദര്യം വർദ്ധിപ്പിക്കാൻ എഴുത്ത് പരിശീലനം.

* ക്ലാസ് മാഗസിൻ / ചുമർ പത്രിക / വായനക്കാർഡ് നിർമ്മാണം.

3. അസംബ്ലി

* ചെറിയ വാർത്തകൾ.

* ചിന്താവിഷയം.

4. അറബിക് ഫെസ്റ്റ്

* അറബിക് ഡേയുമായി ബന്ധപ്പെട്ട ഫുൾ ഡേ / വഫ്റ ഡേ ഫെസ്റ്റ്.

* വ്യത്യസ്ത കലാപരിപാടികൾ.

* സമ്മാനവിതരണം.

* ദിനാചരണങ്ങൾ.

* പ്രധാന ദിനാചരണങ്ങളിൽ ടീച്ചേഴ്സും വിദ്യാർത്ഥികളും ചേർന്ന് പോസ്റ്റർ നിർമ്മാണം.

5. ആസ്വാദനലോകം

* പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്താനും എല്ലാവർക്കും അവസരം സൃഷ്ടിക്കാനും മാസത്തിലൊരിക്കൽ ആസ്വാദന സഭ ചേരുന്നു.

## ക്ലാസ് 4

* ടാസ്ക്: ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളിലും സമഗ്രവും, ആസ്വാദ്യകരവും ആയ പഠനം ഉറപ്പാക്കുക.

* ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പ്രധാന ലക്ഷ്യങ്ങൾ

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.

* സ്വതന്ത്ര പഠനത്തിനും പ്രാധാന്യം.

* സർഗാത്മക വികാസവും പ്രായോഗിക ഉപയോഗവും.

1. മധുരം മലയാളം

* വായിക്കാൻ വളരാം (വായനാശേഷി വളർത്തൽ - വായന കാർഡ് നിർമ്മാണം).

* എഴുതാൻ തെളിയാം (എഴുത്ത് കളരി പ്രതിമാസം).

* രുചിയറിയാം (നല്ല ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ - കുറിപ്പെഴുതൽ).

* ഓർമ്മത്താളുകൾ (ദിനാചരണങ്ങൾ).

* കൂട് (പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുകൾ പരിചയപ്പെടുത്തൽ - നേരിട്ടറിയൽ).

2. ഇംഗ്ലീഷ്

* വിരിയുന്ന ചിന്തകൾ.

* English Assembly.

* English Diary.

* റീഡേഴ്സ് തിയേറ്റർ.

* skit, drama, Rhymes, Conversation, presentation.
* മാഗസിൻ നിർമ്മാണം (Quarterly).
* കയ്യെഴുത്ത് മാസം.
* English Corner.
* English Fest.

3. മാത്സ്
   * കളിക്കാം ഗണിതം.
   * ഗണിത കളികൾ.
   * ഓറിഗാമി നിർമ്മാണം, പ്രദർശനം.
   * ഗണിത ലാബ്.
   * ശില്പശാല - പഠനോപകരണം.
   * ഗണിതോത്സവം (വർഷത്തിലൊരിക്കൽ).
   * പസിൽ, പ്രശ്നം അവലോകനം (Term ൽ ഒന്ന്).
4. പരിസര പഠനം
   * അറിയാം, അനുഭവിച്ചറിയാം.
   * പ്രകൃതി പാഠം / ഫീൽഡ് ഗൈഡ് - നിരീക്ഷണം, അറിവ്.
   * ശാസ്ത്രമൂല - ക്ലാസ് റൂമിൽ.
   * ഭൂപട വായന (കേരളം, ഇന്ത്യ).
   * ശാസ്ത്രോത്സവം (വർഷത്തിൽ ഒന്ന്).

* ശാസ്ത്ര മാഗസിൻ (Term ൽ ഒന്ന്).

അറബിക് ടാസ്ക്

1. വായന
   * തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ്.
   * അക്ഷരങ്ങളുടെ ഉച്ചാരണം മനസ്സിലാക്കി വായിക്കുന്നു.
   * പ്രവർത്തനങ്ങൾ
   * ചിത്രവായന.
   * വീട്ടുവായന.
   * ലൈബ്രറി വായന.

* വാക്കുകൾ ഉറപ്പിക്കൽ.

* വ്യാകരണങ്ങൾ.

* വായനാ മാസങ്ങൾ.

2. അറബി അക്ഷരങ്ങളുടെ എഴുത്തിന്റെ പരിപോഷണം

* എഴുത്ത് രീതി മനസ്സിലാക്കി എഴുതുന്നു.

* പ്രവർത്തനങ്ങൾ

* ദിനേന അക്ഷരസൗന്ദര്യം വർദ്ധിപ്പിക്കാൻ എഴുത്ത് പരിശീലനം.

* ക്ലാസ് മാഗസിൻ / ചുമർ പത്രിക / വായന കാർഡ് നിർമ്മാണം.

3. അസംബ്ലി

* ചെറിയ വാർത്തകൾ.

* ചിന്താവിഷയം.

4. അറബിക് ഫെസ്റ്റ്

* അറബിക് ഡേയുമായി ബന്ധപ്പെട്ട് വഫ്റ ഡേ / ഫുൾ ഡേ ഫെസ്റ്റ് നടത്തുക.

* മാസങ്ങൾക്കുള്ള സമ്മാനവിതരണം.

* വ്യത്യസ്ത കലാപരിപാടികൾ.

5. ദിനാചരണങ്ങൾ

* പ്രധാന ദിനാചരണങ്ങളിൽ ടീച്ചേഴ്സും വിദ്യാർത്ഥികളും ചേർന്ന് പോസ്റ്റർ നിർമ്മിക്കുന്നു.

6. ആസ്വാദനലോകം

* പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്താനും എല്ലാവർക്കും അവസരം സൃഷ്ടിക്കാനും മാസത്തിലൊരിക്കൽ ആസ്വാദന സഭ ചേരുന്നു.